# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ:219 **14.12.2015 - ൽ മറുപടിക്ക്**

## പൊതു ടാപ്പുകളിൽ കൂടി ശുദ്ധജലം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പൊതു ടാപ്പുകളിൽ കൂടി ശുദ്ധജലം ലഭ്യമാക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (എ) വാട്ടർ അതോറിറ്റിയുടെ ഏറിയ കൂറും പദ്ധതികളിൽ പൊതു ടാപ്പുകളിൽ കൂടി യുള്ള വിതരണം വിഭാവനം ചെയ്തിട്ടുണ്ട്. എന്നാൽ പൊതു ടാപ്പുകളിൽ മാത്രം വിതരണം നിജപ്പെടുത്തിയിട്ടുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) നിലവിൽ വാട്ടർ കണക്ഷൻ വീടുകളി ലേക്ക് എടുക്കാൻ കഴിയാത്ത സാമ്പത്തി കമായി പിന്നോക്കം നിൽക്കുന്ന ജന വിഭാഗങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുക എന്നതാണ് ഉദ്ദേശ ലക്ഷ്യം. |
| (സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ വെള്ളക്കരം അടയ്ക്കാൻ തയ്യാറാകുന്ന സ്ഥലങ്ങളിൽ അവരുടെ ഭരണസമിതി തീരുമാനപ്രകാരം ആവശ്യമായ സ്ഥല ങ്ങളിൽ പൈപ്പുലൈനുകൾ ദീർഘിപ്പിച്ചും, നിലവിലുള്ള വിതരണശൃംഖലകളിൽ പൊതുടാപ്പുകൾ സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തി വരുന്നു. കൂടാതെ ധനലഭ്യതയ്ക്കനുസൃതമായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നത് വഴി കൂടുതൽ സ്ഥലങ്ങളിൽ പൊതുടാപ്പുകൾ പുതുതായി സ്ഥാപിച്ച് ജലവിതരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ